## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5200** **27.06.2019 ൽ മറുപടിയ്ക്ക്**

## അംഗൻവാടി സൂപ്പർവൈസർ തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അംഗൻവാടി സൂപ്പർവൈസർ തസ്തികയിലേക്ക് അംഗൻവാടി വർക്കർമാർക്ക് സ്ഥാനക്കയറ്റം ലഭിക്കാറുണ്ടോ; ഇതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; | (എ) | സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് അങ്കണവാടി വർക്കർമാർക്കായി നീക്കിവച്ചിട്ടുള്ള ക്വാട്ടയിലേയ്ക്ക് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം ആണ് നൽകുന്നത്. ആകെയുള്ള തസ്തികയുടെ 29% തസ്തികയിലേയ്ക്ക് എസ്.എസ്.എൽ.സി.യും 10 വർഷത്തെ അങ്കണവാടി സേവനപരിചയവുമുള്ളവർക്കും, 11% തസ്തികയിലേയ്ക്ക് ഡിഗ്രിയും 10 വർഷത്തെ അങ്കണവാടി സേവനപരിചയവുമുള്ള അങ്കണവാടി വർക്കർമാർക്കുമായി ആകെ 40% തസ്തികകളാണ് ഇപ്രകാരം നിയമനം നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ളത്. അങ്കണവാടി വർക്കർമാർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ബി) | പി.എസ്.സി.യിൽ നിന്നുള്ളവരെയും സ്ഥാനക്കയറ്റം ലഭിക്കുന്നവരെയും ഏത് അനുപാതത്തിലാണ് നിയമിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം 10.08.2010 ലെ സ.ഉ (പി) നം.54/2010/SWD, 27.12.2012 ലെ സ.ഉ (പി) നം.78/2012/SJD എന്നിവ പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരമാണ് നടത്തുന്നത്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം-58%, എസ്.എസ്.എൽ.സി.യും 10 വർഷത്തെ സേവനപരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം-29%, 10 വർഷത്തെ സേവനപരിചയവും, അംഗീകൃത സർവ്വകലാശാല ബിരുദവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം-11%, വകുപ്പിലെ വിവിധ കാറ്റഗറികളിൽ നിന്നുമുള്ള പ്രൊമോഷൻ-2% എന്നിങ്ങനെയാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ സംസ്ഥാനത്ത് എത്ര സൂപ്പർവൈസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | വനിത ശിശു വികസന വകുപ്പിൽ 123 സൂപ്പർവൈസർ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്. ഇതിൽ 72 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിയ്ക്കുന്നവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രൊമോഷൻ ക്വാട്ടയിൽ നിയമനം ലഭിക്കേണ്ടവർക്ക് അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഓരോ വിഭാഗത്തിലും ഉണ്ടാകുന്ന ഒഴിവുകൾ അതാത് സമയം പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.